അഡീഷണൽ ചീഫ് സെക്രട്ടറിക്കെതിരെയുള്ള അച്ചടക്ക നടപടി

12 (4345) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊക്കോകോളയ്ക്ക് അനുകൂല പ്രസ്താവന നടത്തിയ വ്യവസായ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നുവോ ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ തീരുമാനിച്ചത് ?

ഉത്തരം

(എ & ബി) കൊക്കകോള വിഷയം സംബന്ധിച്ച് വ്യവസായ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ വിവാദ പ്രസംഗം ചീഫ് സെക്രട്ടറി പരിശോധിച്ചു. പ്രസംഗം അനുചിതവും ഒഴിവാക്കേണ്ടതുമാണെന്നും വിലയിരുത്തി. ഇത്തരം വിവാദ സാധ്യതയുള്ള പ്രസ്താവനകൾ ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്ന് ഈ ഉദ്യോഗസ്ഥനെ അറിയിച്ചു.

ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

13 (4346) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഏതൊക്കെ തസ്തികകളിൽ മ്യൂച്ചൽ ട്രാൻസ്ഫറും ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫറും അനുവദിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പി. എസ്. സി. ലിസ്റ്റ് നിലനിൽക്കുന്ന തസ്തികകളിൽ ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ അനുവദിക്കാറുണ്ടോ ;

(സി) ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ഡി) ഇതിലേക്ക് ഏതെങ്കിലും ഒഴിവുകൾ ഇയർ മാർക്ക് ചെയ്യാറുണ്ടോ ;

(ഇ) പി.എസ്.സി. യിൽ അസിസ്റ്റന്റുമാരുടെ ലിസ്റ്റ് നിലനിൽക്കുമ്പോൾ പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനം ലഭിച്ചവർ തമ്മിൽ മ്യൂച്ചൽ ട്രാൻസ്ഫർ അനുവദിക്കാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly